ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.05.2025**

### പ്രധാനവാർത്തകൾ

1. ഭീകരപ്രവർത്തനങ്ങൾക്കെതിരായ നിലപാട് ലോകരാജ്യങ്ങളോട് വിശദീകരിക്കാൻ ഇന്ത്യ. ശശി തരൂർ നേതൃത്വം നൽകുന്ന സംഘം അമേരിക്ക സന്ദർശിക്കും.
2. പൊതുമേഖലാ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ കർശനമായി പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. ആഗോള കത്തോലിക്കാ സഭയുടെ 267-ാം മാർപാപ്പയായി ലിയോ പതിനാലാമൻ ഇന്ന് ഔദ്യോഗികമായി ചുമതലയേൽക്കും.
4. മലപ്പുറം കാളികാവിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാനുള്ള ദൗത്യം പുരോഗമിക്കുന്നു.
5. സംസ്ഥാനത്ത് വരുന്ന അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
6. **SAFF** അണ്ടർ -19 ഫുട്ബോൾ ഫൈനലിൽ ഇന്ന് ഇന്ത്യ -ബംഗ്ലാദേശ് പോരാട്ടം.

***************************

PNU TVPM

## ഹെഡ്ലൈൻ-1

## സർവ്വകക്ഷി സംഘം

അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനത്തിനെതിരെയുള്ള ഇന്ത്യയുടെ നിലപാടും ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലവും വിശദീകരിക്കാൻ വിദേശരാജ്യങ്ങൾ സന്ദർശിക്കുന്ന സംഘത്തിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നുള്ള എം പി ശശി തരൂർ നേതൃത്വം നൽകുന്ന സംഘം യു എസ്, ബ്രസീൽ, പാനമ തുടങ്ങിയ രാജ്യങ്ങളാണ് സന്ദർശിക്കുക. സിപിഎം എംപി ജോൺ ബ്രിട്ടാസ് ഉൾപ്പെട്ട സംഘം ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ഉൾപ്പെട്ട സംഘം ഈജിപ്ത്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക രാജ്യങ്ങളിലേക്കും മുസ്‌ലിം ലീഗ് എംപി ഇടി മുഹമ്മദ് ബഷീർ ഉൾപ്പെട്ട സംഘം യു എ ഇ, കോംഗോ തുടങ്ങിയ രാജ്യങ്ങളിലേക്കും പോകും.

RNU TVPM

*********************

## ഹെഡ്ലൈൻ-2

## മുഖ്യമന്ത്രി-സംഗമം (ഇൻട്രോ)

രാജ്യത്ത് പൊതുമേഖലയിൽ സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്താറുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എന്നാൽ ഇന്ന് ഇക്കാര്യം കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നും ഇത് സാമൂഹ്യനീതിയുടെ നിഷേധമാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പാലക്കാട് പട്ടികജാതി പട്ടികവർഗ സംസ്ഥാനതല സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സംവരണ തത്വം പാലിച്ചുകൊണ്ടുള്ള നിയമനങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************

**പാലക്കാട് - മുഖ്യമന്ത്രി (ഇൻട്രോ)**

പാലക്കാട് മെഡിക്കൽ കോളേജിന് സമീപം യാക്കര വില്ലേജിലെ വി.ടി.ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകീട്ട് നാടിന് സമർപ്പിക്കും. ചിറ്റൂർ താലൂക്ക് ആശുപത്രി കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പട്ടികജാതി പട്ടിക വർഗ വകുപ്പും സാംസ്കാരിക വകുപ്പും സംയുക്തമായി നടത്തുന്ന പ്രത്യേക മ്യൂസിക് ഷോ വൈകീട്ട് ആറിന് പാലക്കാട് കോട്ടമൈതാനത്ത് നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

**********************

RNUTVPM

**സിയാൽ 2.0**

കൊച്ചി വിമാനത്താവളത്തിലെ വിവിധ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി നാളെ വൈകിട്ട് സിയാൽ ചെയർമാൻ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെന്റർ, ഫുൾബോഡി സ്കാനറുകൾ, എ ഐ അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സിസ്റ്റത്തിന്റെയും നിലവിലുള്ള സംവിധാനങ്ങളുടെയും ആധുനികരണം എന്നിവയാണ് നടപ്പാക്കുന്നത്. ഇതോടനുബന്ധിച്ച് ഉച്ചകഴിഞ്ഞ് സിയാൽ

കൺവെൻഷൻ സെന്ററിൽ ഏറോ ഡിജിറ്റൽ സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ട്.

********************

**ഭൗമനിരീക്ഷണ ഉപഗ്രഹം**

EOS-09 ഭൗമനിരീക്ഷണ ഉപഗ്രഹവുമായുള്ള പിഎസ്എൽവി സി-61 വിക്ഷേപണം ലക്ഷ്യം കണ്ടില്ല. ദൗത്യത്തിന്റെ മൂന്നാംഘട്ടത്തിൽ പ്രശ്നങ്ങൾ നേരിട്ടതായി ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ അറിയിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം. ഐഎസ്ആർഒയുടെ 101-ാമത്തെ വിക്ഷേപണമായിരുന്നു ഇന്നത്തേത്.

PNU TVPM

********************

ഹെഡ്‌ലൈൻ-4

**മലപ്പുറം - കടുവ**

മലപ്പുറം കാളികാവിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാനുള്ള ദൗത്യം പുരോഗമിക്കുന്നു. വനംവകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് പ്രത്യേക സംഘങ്ങളായി തിരിഞ്ഞാണ് തിരച്ചിൽ. മയക്കുവെടി വെച്ച് പിടികൂടാനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്. കടുവയുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. പ്രദേശത്ത് രണ്ട് കൂടുകളും സ്ഥാപിച്ചിട്ടുണ്ട്.

********************

**കടുവാ - കുംകിയാന**

മലപ്പുറം കാളികാവിലെ കടുവാ ദൗത്യത്തിനായി എത്തിച്ച കുംകിയാന, പാപ്പാനെ ആക്രമിച്ചു. കുഞ്ചു എന്ന കുംകിയാനയുടെ പാപ്പാൻ ചന്തുവിനാണു പരിക്കേറ്റത്. കഴുത്തിൽ പരിക്കേറ്റ പാപ്പാനെ വണ്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

*********************

ഹെഡ്ലൈൻ-3

**മാർപാപ്പ (ഇൻട്രോ)**

ആഗോള കത്തോലിക്കാ സഭയുടെ 267-ാാം മാർപാപ്പയായി ലിയോ പതിനാലാമൻ ഔദ്യോഗികമായി ഇന്ന് ചുമതലയേൽക്കും. ചുമതലയേറ്റുകൊണ്ടുള്ള കുർബാന സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 01.30 ന് നടക്കും.

**സ്ഥാനാരോഹണ ചടങ്ങുകളെപ്പറ്റി സീറോ മലബാർ സഭ മീഡിയ കമ്മീഷൻ സെക്രട്ടറി ഫാദർ ടോം ഒലിക്കരോട്ട് ആകാശവാണിയോട്....**

**(ഹോൾഡ് വോയിസ്)**

*********************

**മന്ത്രി പി രാജീവ്**

ബിപിസിഎല്ലുമായി സഹകരിച്ച് കൊച്ചി മെട്രോ കളമശ്ശേരി മെട്രോ സ്റ്റേഷനു സമീപം ആരംഭിക്കുന്ന ഫ്യൂവൽ സ്റ്റേഷൻ നാളെ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. 27,000 ചതുരശ്ര അടി വിസ്തീർണത്തിൽ സജ്ജീകരിച്ചിരിക്കുന്ന ഫ്യുവൽ സ്റ്റേഷനിൽ ഒരേസമയം 25 വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനുള്ള സൗകര്യമുണ്ടാകും. ഇലക്ട്രിക് ചാർജിങ്

RNU TVPM

സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചി മെട്രോ, ഫ്യൂവൽ സ്റ്റേഷൻ ആരംഭിക്കുന്നത്.

*********************

## പാലക്കാട് - വീണാ ജോർജ്ജ്

പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി വീണ ജോർജ് ഇന്ന് നിർവ്വഹിക്കും. ജില്ലാ പഞ്ചായത്തും നാഷണൽ ആയുഷ് മിഷനും സംയുക്തമായി നിർമ്മിച്ച പുതിയ ഒ പി കെട്ടിടത്തിന്റെയും സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ സ്പോർട്സ് ആയുർവേദം, സ്ത്രീ രോഗ വിഭാഗം, ശിശുരോഗ ചികിത്സാ വിഭാഗം, ലബോറട്ടറി എന്നിവയുടെയും ഉദ്ഘാടനമാണ് നടക്കുക.

*********************

ഹെഡ്‌ലൈൻ-5

## കാലാവസ്ഥാ

സംസ്ഥാനത്ത് വരുന്ന അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

*********************

## ഹെഡ്‌ലൈൻ-6

## സാഫ് ഫുട്ബോൾ

SAFF അണ്ടർ-19 ഫുട്ബോൾ ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശുമായി ഏറ്റുമുട്ടും. അരുണാചൽ പ്രദേശിലെ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം. വെള്ളിയാഴ്ച നടന്ന സെമിയിൽ മാൽഡിവീസിനെ ഏകപക്ഷീയമായ മൂന്നു ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. പുരുഷവിഭാഗം SAFF ടൂർണമെന്റ് ഫൈനലുകളിൽ ബംഗ്ലാദേശിനെതിരെ മികച്ച റിക്കാർഡാണ് ഇന്ത്യക്കുള്ളത്. ഇരുരാജ്യങ്ങളും തമ്മിൽ മുൻപ് ഏറ്റുമുട്ടിയ നാല് കലാശപോരാട്ടങ്ങളിലും ഇന്ത്യക്കായിരുന്നു വിജയം.

RNU TVPM

*********************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് ജയ്പൂരിൽ നടക്കുന്ന കളിയിൽ രാജസ്ഥാൻ റോയൽസ് - പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 07.30 ന് ഡൽഹി ക്യാപിറ്റൽസും, ഗുജറാത്ത് ടൈറ്റൻസും ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. ഇന്നലെ പ്ലേ ഓഫ് കാണാതെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പുറത്തായി.

*********************

## മ്യൂസിയം ദിനാഘോഷം

രാജ്യാന്തര മ്യൂസിയം ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന പുരാവസ്തു-പുരാരേഖ, മ്യൂസിയം വകുപ്പ് 'കണ്ണാടി-2 മുഖദർശം മ്യൂസിയം ദർശനം' എന്ന പേരിൽ ഈ മാസം 21

മുതൽ 23 വരെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. മ്യൂസിയങ്ങൾ ജനങ്ങളിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായാണ് ഇത്. പൈതൃക വീഥി പ്രദർശനം, നൈറ്റ് മ്യൂസിയം തുടങ്ങിയവയ്ക്കു പുറമേ കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്. ഔപചാരിക ഉദ്ഘാടനം തിരുവനന്തപുരം കേരള ചരിത്ര പൈതൃക മ്യൂസിയം പരിസരത്ത് ഈ മാസം 21 ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവ്വഹിക്കും.

********************

## കോഴിക്കോട്-ഭൂചലനം

കോഴിക്കോട് കായക്കൊടിയിലെ ചിലയിടങ്ങളിൽ ഇന്നലെ ഭൂചലനം അനുഭവപ്പെട്ടതായി റിപ്പോർട്ട്. വസ്തുവകകൾക്ക് നാശമില്ല. പ്രകമ്പനവും ശബ്ദവും ഉണ്ടായതായി പ്രദേശ വാസികൾ അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് വില്ലേജ് ഓഫീസ്, അധികൃതർ സ്ഥലത്ത് എത്തി. കൂടുതൽ പരിശോധനകൾ നടത്തുമെന്ന് അധികൃതർ പറഞ്ഞു.

RNUTVPM

********************

## പി.ഭാസ്കരന്റെ ജൻമശതാബ്ദി

ഗാന രചയിതാവ് പി.ഭാസ്കരന്റെ ജൻമശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയവും കണ്ണൂർ ജവഹർ ലൈബ്രറി ആൻഡ് റിസർച്ച് സെന്ററും ചേർന്ന് സംഘടിപ്പിച്ചു വരുന്ന കണ്ണീരും സ്വപനങ്ങളും പ്രതിമാസ പ്രഭാഷണ പരമ്പര നാളെ സമാപിക്കും. വൈകുന്നേരം മൂന്ന് മണിക്ക് ലൈബ്രറി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനം ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യും.

*

*********

********************************

RNU TVPM